## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3344

21.12.2012 ലെ
മറുപടിയ്ക്ക്

### എം.എസ്.ഡി.പി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. ഷാജി | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | എം.എസ്.ഡി.പി. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ ; എങ്കിൽ ഏതു ജില്ലയിലാണെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ; | (എ) | വയനാട് ജില്ലയിൽ നടപ്പാക്കുന്നുണ്ട്. 14,31,85,000/- രൂപ ചെലവഴിച്ചു. |
| (ബി) | ഇതനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ ; | (ബി) | വയനാട് ജില്ലയിൽ 10 ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം, 23 സർക്കാർ സ്കൂളുകളിലായി 38 ലാബ് സൗകര്യങ്ങളോട് കൂടിയ അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം, മുള്ളൻ കൊല്ലി പഞ്ചായത്തിലെ പാടിച്ചിറ വില്ലേജ്, പൂതാടി പഞ്ചായത്തിലെ നടവയൽ വില്ലേജ്, പടിഞ്ഞാറത്തറ പഞ്ചായത്തിലെ പടിഞ്ഞാറത്തറ, കുപ്പാടിത്തറ വില്ലേജുകൾ എന്നിവയ്ക്കായുള്ള കുടിവെള്ള പദ്ധതികൾ, മേപ്പാടി പോളി ടെക്നിക്കിന്റെ ലാബ് സൗകര്യവികസനം എന്നീ പദ്ധതികളുടെ നടത്തിപ്പ് അന്തിമഘട്ടത്തിലാണ്. കൂടാതെ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ 2,3,4 നിലകളുടെ നിർമ്മാണത്തിനുള്ള പദ്ധതിക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അനുമതി നല്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകളുണ്ടോ ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ